# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1982 — 10.10.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

### പകർച്ചപ്പനി വ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.അസീസ്:<br>,, കോവൂർ കുഞ്ഞുമോൻ: | | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | 2011 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് പകർച്ചപ്പനി മൂലം മരണപ്പെട്ടവർ എത്രയാണ്; | (എ) & (ബി) | 2011 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് പകർച്ചപ്പനി മൂലം 63 പേർ മരണപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഏതൊക്കെജില്ലകളിലാണ് പകർച്ചപ്പനി ബാധിച്ചത്; | | |
| (സി) | പകർച്ചപ്പനി മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയത്; | (സി) | പകർച്ചപ്പനി മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായമൊന്നും നൽകിയിട്ടില്ല. |
| (ഡി) | പകർച്ചപ്പനി തടയാൻ ആരോഗ്യ വകുപ്പിന് ഉണർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പകർച്ചപ്പനി ഇല്ലാതാക്കുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച അടിയന്തിര നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പകർച്ചനി തടയുവാൻ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനനേതാക്കളുടെയും പങ്കാളിത്തത്തോടെ പരിസര ശുചീകരണം ഫലപ്രദമായി നടത്തിവരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജനം , കൊതുകുകൂത്താടി ഉറവിട നശീകരണം, ഓടവൃത്തിയാക്കൽ, ആരോഗ്യ ബോധവൽക്കരണം എന്നിവ നടത്തി വരുന്നു. സെപ്റ്റംബർ 25-ന് വൈകിട്ട് സർക്കാർ തലത്തിൽ വിശദമായ അവലോകന യോഗം നടത്തുകയും സംസ്ഥാനതലത്തിൽ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ |

| | | | |
|---|---|---|---|
| | | | ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള മറ്റ് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനത്തിൽ ഇതര വകുപ്പുകൾ കാര്യക്ഷമമായി പങ്കെടുക്കുവാനുള്ള നിർദ്ദേശം നൽകി. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണ കാര്യങ്ങൾ പഠിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന മാലിന്യമുക്ത കേരളം പദ്ധതിക്ക് തുടക്കമിട്ടു. പകർച്ച വ്യാധി തടയുന്നതിലേക്ക് ജില്ലകളിൽ ആശപ്രവർത്തകർ വീടുകൾ കയറിയിറങ്ങി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, പനിയുള്ളവർ ആരോഗ്യ സ്ഥാപനങ്ങിലെത്തി ചികിത്സ എടുക്കുന്നുണ്ടെന്നുള്ള ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വിവിധ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പകർച്ച വ്യാധി രോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വകാര്യ സർക്കാർ ആശുപത്രികളിൽ നിന്നും ലബോറട്ടറികളിൽ നിന്നും ശേഖരിക്കാനുള്ള സംവിധാനം ഊർജിതപ്പെടുത്തി. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചരണം, പ്രാദേശിക ടി.വി.ചാനലുകൾ വഴിയുള്ള പ്രചരണം, ബിറ്റ് നോട്ടീസ് വിതരണം, സ്കൂൾ അസംബ്ലി വഴിയുള്ള പ്രവർത്തനങ്ങൾ, പത്രസമ്മേളനങ്ങൾ എന്നവ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ ഫോർപ്ലസ് എന്ന പകർച്ചവ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം |

| | | | |
|---|---|---|---|
| | | | മുഴുവൻ നടപ്പാക്കി വരിയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർപ്ലസ് എന്ന പേരിൽ നിരന്തര ശുചീകരണ , കൊതുക നിർമ്മാർജ്ജന, രോഗപ്രതിരോധ പരിപാടികൾ നടത്തി വരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ, ഡോക്ടർമാർ, മറ്റ്ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നത് തടയുന്നതിനുള്ള കർമ്മപരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഹൗസ് സർജൻമാർക്കും ഇതിലേക്കായി പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

## 2011 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് പകർച്ചപ്പനി മൂലം മരണപ്പെട്ടവരുടെ ജില്ലതിരിച്ചുളള കണക്ക്

| ക്രമ നം. | ജില്ല | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 4 |
| 3 | കോട്ടയം | ഇല്ല |
| 4 | ആലപ്പുഴ | 4 |
| 5 | എറണാകുളം | 7 |
| 6 | തൃശ്ശൂർ | 13 |
| 7 | പാലക്കാട് | ഇല്ല |
| 8 | കോഴിക്കോട് | 22 |
| 9 | കാസർഗോഡ് | 7 |
| 10 | മലപ്പുറം | ഇല്ല |
| 11 | കണ്ണൂർ | ഇല്ല |
| 12 | വയനാട് | ഇല്ല |
| 13 | ഇടുക്കി | ഇല്ല |
| 14 | പത്തനംതിട്ട | ഇല്ല |

Sanath
SO